**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5464 — 01.07. 2019 ൽ മറുപടിക്ക്

# ഓക്സിജൻ സിലിണ്ടറിന്റെ സഹായത്തോടെ ജീവിക്കുന്ന രോഗികൾക്ക വൈദ്യുതി ഇളവ്

**ചോദ്യം**

ശ്രീ.ഐ.ബി.സതീഷ്

**ഉത്തരം**

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഇലക്ട്രിക് ഓക്സിജൻ സിലിണ്ടറിന്റെ സഹായത്തോടെ ജീവിക്കുന്ന രോഗികൾക്ക് പ്രതിമാസം ഭീമമായ തുക വൈദ്യുതി ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 30.05.2012 ൽ നടന്ന മന്ത്രിസഭ യോഗത്തിൽ ലൈഫ് സപ്പോർട്ടിങ്ങ് സിസ്റ്റത്തിന്റെ സഹായത്തോടെ ജീവൻ നില നിർത്തുന്ന രോഗികൾക്ക് സൗജന്യമായി വൈദ്യുതി നൽകാൻ തീരുമാനിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ബോർഡ് 18.10.2012 ലെ ഉത്തരവ് പ്രകാരം ജീവൻ സുരക്ഷാ സംവിധാനം (ഓക്സിജൻ കോൺസൻട്രേറ്റർ മാത്രം) ഉപയോഗിക്കുന്ന രോഗികൾക്ക് 01.09.2012 മുതൽ ചില നിബന്ധനകൾക്ക് വിധേയമായി പരമാവധി പ്രതിമാസം 100 യൂണിറ്റ് വരെ വൈദ്യുതി സൗജന്യമായി ബോർഡിന്റെ തനതു ഫണ്ടിൽ നിന്ന് നൽകി വരുന്നുണ്ടായിരുന്നു.<br>എന്നാൽ 13.02.2014 ലെ G.O (Rt) No.50/2014/PD നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം ലൈഫ് സപ്പോർട്ടിങ് മെഷീൻ പ്രവർത്തിപ്പിക്കേണ്ടുന്നതിനാവശ്യമായ മുഴുവൻ വൈദ്യുതിയും, അർഹതപ്പെട്ട രോഗികൾക്ക്, ഗവൺമെന്റ് ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ നൽകാൻ ഉത്തരവായിട്ടുള്ളതും 26.06.2014 മുതൽ കെ.എസ്.ഇ.ബി ലിമിറ്റഡ് പ്രസ്തുത ഉത്തരവ് നടപ്പിലാക്കി വരുന്നതുമാണ്. മെഷീൻ ഉപയോഗിക്കുന്നതു മൂലമുണ്ടാകുന്ന അധിക വൈദ്യുതിയിൽ 100 യൂണിറ്റ് വരെ ഉപഭോഗത്തിനുള്ള വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ലിമിറ്റഡും,100 യൂണിറ്റിനുമേൽ വരുന്ന ഉപഭോഗത്തിനുള്ള വൈദ്യുതി ചാർജ് ഗവൺമെന്റുമാണ് വഹിക്കുന്നത്. |
| (ബി) അത്തരം രോഗികൾക്ക് അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി തുകയിൽ ഇളവുവരുത്തുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ? | (ബി) നിലവിൽ എല്ലാ ലൈഫ് സപ്പോർട്ടിങ്ങ് ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്കും അവരുടെ വരുമാന പരിധിയില്ലാതെയാണ് ആനുകൂല്യം നൽകി വരുന്നത്. ലൈഫ് സപ്പോർട്ടിങ് മെഷീൻ ഉപയോഗിക്കുന്നതുമൂലമുള്ള വൈദ്യുതി ചാർജ് പൂർണ്ണമായും ഇപ്പോൾ സൗജന്യമായി നല്കിവരുന്നതിനാൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കേണ്ട സാഹചര്യം ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ